കേരള സർക്കാർ

നം.42648/ഡിഎ1/ 2014/തസ്വഭവ — തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,

തിരുവനന്തപുരം, തീയതി :17.01.2015.

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ്-പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :-കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിൽ ധനകാര്യ പരിശോധന (എൻ.റ്റി-ബി) വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ട്.

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിൽ ധനകാര്യ പരിശോധനവിഭാഗം നടത്തിയ പരിശോധനയിൽ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന മൈലാട് അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഭാവിയിൽ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ മേൽ ശുപാർശ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ വച്ച പ്രോജക്ടുകൾ പൂർത്തീകരിക്കാതെ വീണ്ടും അതേ പദ്ധതി പുതിയ പ്രോജക്ടുകളായി നടപ്പിലാക്കിയാൽ പദ്ധതിയ്ക്കായി കൈപ്പറ്റിയ തുക 18% പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്നും, ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പു തല നടപടി സ്വീകരിക്കേണ്ടതാണെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്നും ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് കർശന നിർദ്ദേശം നൽകുന്നു.

കെ.എസ്. ശോഭന,<br>
ജോയിന്റ് സെക്രട്ടറി,<br>
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
6. എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റ് ചെയർമാൻ, ഐ.കെ.എം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ധനകാര്യ (പരിശോധന എൻ.റ്റി-ബി) വകുപ്പ്.
(U.O(n) No. 40136/FIW-B1/10/Fin Dt 24.6.14)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.